**പതിനാലാം കേരള നിയമസഭ**

**പരിസ്ഥിതി സംബന്ധിച്ച സമിതി**
**(2019-2021)**

**ഇരുപത്തിയാറാമത് റിപ്പോർട്ട്**
(2021 ജനുവരി 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ പതിനാലാമത് റിപ്പോർട്ടിലെ (വേമ്പനാട് തണ്ണീർത്തട സംരക്ഷണം സംബന്ധിച്ച സമിതിയുടെ സ്വതന്ത്ര പഠന റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2019-2021)

## ഇരുപത്തിയാറാമത് റിപ്പോർട്ട്
(2021 ജനുവരി 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ പതിനാലാമത് റിപ്പോർട്ടിലെ (വേമ്പനാട് തണ്ണീർത്തട സംരക്ഷണം സംബന്ധിച്ച സമിതിയുടെ സ്വതന്ത്ര പഠന റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | | ... |
| ആമുഖം | | ... |
| അദ്ധ്യായം I : | റിപ്പോർട്ട് | ... |
| അദ്ധ്യായം II : | സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം | ... |
| അദ്ധ്യായം III : | സർക്കാരിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമാകാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം | ... |
| അദ്ധ്യായം IV : | സമിതിയുടെ തുടർശിപാർശകൾ | ... |

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2019-2021)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. മുല്ലക്കര രത്നാകരൻ

**അംഗങ്ങൾ:**

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹിം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്*

ശ്രീ. എം. വിൻസെന്റ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേഷ് കുമാർ ജി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി

*18.01.2021-ന് അന്തരിച്ചു.

# ആമുഖം

സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി പഠിക്കുകയും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് 1992 ജൂലൈ 27-ന് പരിസ്ഥിതി സംബന്ധിച്ച സമിതി രൂപീകരിക്കപ്പെട്ടത്. സമിതിയിൽ ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഒൻപതിൽ കൂടാത്ത അംഗങ്ങളാണ് ഉള്ളത്. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക, മാലിന്യപ്രശ്നങ്ങളുടെ കാര്യത്തിൽ വളരെ പ്രതീക്ഷയോടെ-യാണ് പൊതു സമൂഹം സമിതിയെ സമീപിക്കുന്നത്.

വിവിധ തരത്തിലുള്ള മലിനീകരണം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ സമിതിയിൽ നിക്ഷിപ്തമായ ചുമതലകളുടെ പരിധിയിൽ വരുന്നപക്ഷം അവ സമിതി പരിഗണിക്കുകയും സർക്കാരിലേക്ക് നടപടി റിപ്പോർട്ടിനായി അയയ്ക്കുകയും ചെയ്യുന്നു. പത്രവാർത്തയിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും ശ്രദ്ധയിൽപ്പെടുന്നതും സമിതിയുടെ അധികാര പരിധിയിൽപ്പെടുന്നതുമായ വിഷയങ്ങളും സമിതി പഠനവിധേയമാക്കുന്നു. നിവേദനങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സമിതി പരിശോധിക്കുകയും പ്രസ്തുത റിപ്പോർട്ട് പരാതി പരിഹരിക്കാൻ ഉതകുന്നതാണെങ്കിൽ ആ വിവരം സമിതിയെ അറിയിക്കണമെന്ന നിർദ്ദേശത്തോടെ ഹർജിക്കാരന് സർക്കാർ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം അയച്ചുകൊടുക്കുകയും ചെയ്യുന്നു.

മലിനീകരണം സംബന്ധിച്ച പരാതി ലഭിച്ചാൽ അത്തരം വ്യവസായ സ്ഥാപനങ്ങളും ഫാക്ടറികളും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും സമിതി അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു. ഏതെങ്കിലും പ്രത്യേക പാരിസ്ഥിതിക പ്രശ്നം സംബന്ധിച്ച് ബഹു. സ്പീക്കറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ സമിതിക്ക് പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കാവുന്നതാണ്. റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിന് ശേഷം റിപ്പോർട്ടിന്റെ പകർപ്പുകൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയച്ച്

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സമിതി തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കുന്നു. ആയവ സമിതിയോഗം പരിശോധിച്ച് ആക്ഷൻടേക്കൺ റിപ്പോർട്ടുകളായി സഭയിൽ സമർപ്പിക്കുന്നു.

1992-ലെ ആദ്യ സമിതി 1993 ഫെബ്രുവരി 2-ാം തീയതി റിപ്പോർട്ട് സഭയിൽ അവതരിപ്പിച്ചതോടെയാണ് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പണം ആരംഭിക്കുന്നത്. 1992 മുതൽ 2020 വരെയുള്ള കാലയളവിലെ 18 സമിതികൾ ആകെ 118 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. അവയിൽ പകുതിയോളം ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും 4 എണ്ണം ജനറൽ റിപ്പോർട്ടുകളും ബാക്കിയുള്ളവ സ്പെഷ്യൽ റിപ്പോർട്ടുകളുമാണ്. റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കുന്ന നടപടികൾക്ക് അനുസരിച്ചാണ് റിപ്പോർട്ടിന്റെയും റിപ്പോർട്ടിന് ആസ്പദമായി സമർപ്പിക്കപ്പെട്ട നിവേദനത്തിന്റെയും ഫലപ്രാപ്തി നിർണ്ണയിക്കപ്പെടുന്നത്.

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ പതിനാലാമത് റിപ്പോർട്ട് (വേമ്പനാട് തണ്ണീർത്തട സംരക്ഷണം സംബന്ധിച്ച സമിതിയുടെ സ്വതന്ത്ര പഠന റിപ്പോർട്ട്) 19.06.2018 -ന് കൂടിയ സമിതിയോഗം അംഗീകരിച്ച് 21.06.2018 തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2021 ജനുവരി മാസം 20-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2021 ജനുവരി 20

മുല്ലക്കര രത്നാകരൻ
അദ്ധ്യക്ഷൻ
പരിസ്ഥിതി സംബന്ധിച്ച സമിതി

# അദ്ധ്യായം I

## റിപ്പോർട്ട്

പതിനാലാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19) യുടെ പതിനാലാമത് റിപ്പോർട്ട് (വേമ്പനാട് തണ്ണീർത്തട സംരക്ഷണം സംബന്ധിച്ച സമിതിയുടെ സ്വതന്ത്ര പഠനം സംബന്ധിച്ച റിപ്പോർട്ട്) 2018 ജൂൺ 21-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. കേരളത്തിലെ ഏറ്റവും വലിയ തണ്ണീർത്തടമായ വേമ്പനാട് കായലിന്റെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനും അതിലൂടെ ഒരു പ്രദേശത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ജലമലിനീകരണം തടയുന്നതിനും, അനധികൃത കയ്യേറ്റങ്ങൾ നിയന്ത്രിക്കുന്നതിനും കായലിന് ചുറ്റുമുള്ള പച്ചപ്പ് കാത്തുസൂക്ഷിക്കുന്നതിനുമുള്ള നടപടികൾ അത്യന്താപേക്ഷിതമാണെന്ന് സമിതിക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 24 ശിപാർശകളാണ് ഉൾപ്പെടുത്തിയിരുന്നത്.

2. റിപ്പോർട്ടിലൂടെ സമിതി നൽകിയ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 03.11.2018-ൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പരിസ്ഥിതി, റവന്യൂ (പി), വനം-വന്യജീവി, മത്സ്യബന്ധന തുറമുഖം, ഊർജ്ജം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച പത്രികകൾ സമിതി വിശദമായി പരിശോധിക്കുകയും ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ബന്ധപ്പെട്ട എല്ലാ ശിപാർശകളിൻമേലും ജലവിഭവം, റവന്യൂ (എ), തദ്ദേശസ്വയംഭരണം (ഡി.സി.), വിനോദസഞ്ചാരം, മത്സ്യബന്ധന തുറമുഖം, കാർഷിക വികസന കർഷകക്ഷേമം എന്നീ വകുപ്പുകൾ നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

3. റിപ്പോർട്ടിലെ ശിപാർശകൾ, അവയിന്മേൽ സർക്കാർ സമർപ്പിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി പത്രികകൾ എന്നിവ ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

4. നടപടി പത്രിക ലഭ്യമാക്കാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ മൂന്നാം അദ്ധ്യായമായും സമിതിയുടെ തുടർശിപാർശകൾ നാലാം അദ്ധ്യായമായും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം

### ശിപാർശ നം.1

സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ നോഡൽ വകുപ്പായ പരിസ്ഥിതി വകുപ്പും കേന്ദ്ര ഗവൺമെന്റും ചേർന്ന് മത്സ്യബന്ധനം, തുറമുഖം, കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണം, ജലസേചനം, ഉൾനാടൻ ജലഗതാഗതം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് ജനപ്രതിനിധികൾ കൂടി ഉൾപ്പെട്ട എക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്നും വേമ്പനാട് കായലുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും ഈ കമ്മിറ്റിയുടെ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ :എ 2/44/2019/പരി. തീയതി 02-06-2020)

വേമ്പനാട് കായലിന്റെ കർമ്മ പരിപ്രേഷ്യം നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം സംസ്ഥാന തണ്ണീർത്തട അതോറിറ്റി മുഖാന്തിരം നടപ്പാക്കുന്നതാണ്. ഇതിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ഒരു പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (Project Management Unit) വേമ്പനാട് കായലിന്റെ പരിസര പ്രദേശത്ത് സ്ഥാപിക്കുന്നതുമാണ്. റാംസാർ ഉടമ്പടി പ്രകാരം, സർക്കാർ വിജ്ഞാപനം ചെയ്തിരിക്കുന്ന വേമ്പനാട് കായലിനെ സംബന്ധിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിൽ നിക്ഷിപ്തമാകയാൽ ഏക ഏജൻസിക്ക് ഉത്തരവാദിത്തത്തോടു കൂടി കായലിന്റെ സംരക്ഷണവും പരിപാലനവും മികച്ച ഏകോപനത്തോടെ നിർവ്വഹിക്കുവാനും നിയന്ത്രിക്കുവാനും സാധിക്കും. തണ്ണീർത്തട പരിപാലനത്തിനായി ജന പ്രതിനിധികളെയും വിവിധ വകുപ്പുകളെയും മേഖലകളെയും ഗുണഭോക്താക്കളേയും ഏകോപിപ്പിച്ചു കൊണ്ടുള്ള ഫലപ്രദമായ ക്രമീകരണം സംസ്ഥാന തണ്ണീർത്തട അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നു.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ - 2

കായലുകളുടെയും ജലാശയങ്ങളുടെയും സംരക്ഷണാവകാശം സംബന്ധിച്ച് നിലവിൽ വ്യക്തമായ നിർദ്ദേശങ്ങളോ വ്യവസ്ഥകളോ ഇല്ല. ഇത് സംസ്ഥാനത്തെ ജലാശയങ്ങളുടെ സംരക്ഷണത്തെ വളരെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ വേമ്പനാട് കായലുൾപ്പെടെ സംസ്ഥാനത്തുള്ള എല്ലാ ജലാശയങ്ങളുടെയും സംരക്ഷണത്തിനുതകുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്തണമെന്നും അവയുടെ ഉടമസ്ഥതയും സംരക്ഷണവും ബന്ധപ്പെട്ട വകുപ്പുകളെ കൊണ്ട് നിർവ്വഹിപ്പിക്കണമെന്നും സർക്കാർ രൂപീകരിച്ചിട്ടുള്ള വെറ്റ് ലാന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ചട്ടങ്ങൾ അടിയന്തരമായി ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### പരിസ്ഥിതി വകുപ്പ്

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017 നിലവിൽ വന്നു. ഇത് പ്രകാരം സംസ്ഥാന തണ്ണീർത്തട അതോറിറ്റി (SWAK) നിലവിൽ വന്നിട്ടുണ്ട്. ഈ ചട്ടം, റാംസാർ കൺവെൻഷന്റെ കീഴിൽ അന്തർദേശീയ പ്രാധാന്യം നൽകുന്ന തണ്ണീർത്തടങ്ങളും കേന്ദ്ര/സംസ്ഥാന സർക്കാരുകളും കേന്ദ്ര ഭരണ പ്രദേശങ്ങളും വിജ്ഞാപനം ചെയ്തിരിക്കുന്നതുമായ എല്ലാ തണ്ണീർത്തടങ്ങൾക്കും ബാധകമാണ്. നമ്മുടെ സംസ്ഥാനത്തെ റാംസാർ തണ്ണീർത്തട പട്ടികയിൽ ഉൾപ്പെട്ട വേമ്പനാട് കായലിൽ ഈ നിയമം ബാധകമാണ്. എന്നാൽ തണ്ണീർമുക്കം ബണ്ടിന്റെ വടക്ക് കായൽ പ്രദേശത്തിന്റെ ലവണത 5 പി.പി.റ്റി.യിലും അധികമായതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ തീരദേശ പരിപാലന നിയമവും ബണ്ടിന്റെ തെക്ക ഭാഗത്ത് തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017 ഉം ആണ് ബാധകമാകുന്നത്. തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017 പ്രകാരം തണ്ണീർത്തടങ്ങൾ സംരക്ഷിക്കപ്പെടുകയും പരിപാലിക്കുകയും ചെയ്യുന്നത് റാംസർ കൺവെൻഷനും തണ്ണീർത്തട അതോറിറ്റിയും നിർണ്ണയിച്ചിരിക്കുന്നതുപോലെ 'വിവേക പൂർണ്ണമായ ഉപയോഗം' എന്ന തത്വത്തിൽ അധിഷ്ഠിതമായിട്ടാണ്.

തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017 സെക്ഷൻ 4(2) പ്രകാരം തണ്ണീർത്തടങ്ങളിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നിരോധിച്ചിരിക്കുന്നു.

1) കൈയ്യേറ്റം ഉൾപ്പെടെയുള്ള തണ്ണീർത്തടേതര ഉപയോഗത്തിനായുള്ള പരിവർത്തനം.

2) പുതിയ വ്യവസായങ്ങളുടെ നിർമ്മാണവും നിലവിലുള്ള വ്യവസായങ്ങളുടെ വിപുലീകരണവും

3) കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾ 2016; മാനുഫാക്ചർ, സ്റ്റോറേജ് & ഇമ്പോർട്ട്സ് ഓഫ് ഹസാർഡസ് കെമിക്കൽ റൂൾസ് 1989; ദി റൂൾസ് ഫോർ മാനുഫാക്ചർ യൂസ്, ഇമ്പോർട്ട്, എക്സ്പോർട്ട് & സ്റ്റോറേജ് ഓഫ് ഹസാർഡസ് മൈക്രോ ഓർഗാനിസംസ് ജനിറ്റിക്കലി എഞ്ചിനീർഡ് ഓർഗാനിസംസ് ജനിറ്റിക്കലി എഞ്ചിനീർഡ് ഓർഗാനിസംസ് ഓൾസേൽസ് 1989; ഹസാർഡസ് വേസ്റ്റ് (മാനേജ്മെന്റ്, ഹാൻഡ്ലിഗ് & ട്രാൻസ് ബൗണ്ടറി മൂവ്മെന്റ്) റൂൾസ് 2008; ഇ-വേസ്റ്റ് (മാനേജ്മെന്റ്) റൂൾസ് 2016 എന്നീ നിയമങ്ങളിലൂടെ നിയന്ത്രിക്കപ്പെട്ടിരിക്കുന്ന വസ്തുക്കളുടെ/മാലിന്യങ്ങളുടെ ഉത്പാദനം/കൈകാര്യം ചെയ്യൽ, സംഭരണം, നിർമ്മാർജ്ജനം എന്നിവ.

4) വ്യവസായങ്ങൾ, നഗരങ്ങൾ, പട്ടണങ്ങൾ, ഗ്രാമങ്ങൾ, മറ്റ് മനുഷ്യവാസ കേന്ദ്രങ്ങൾ എന്നിവയിൽ നിന്നുമുള്ള സംസ്കരിക്കാത്ത മാലിന്യങ്ങളുടെ പുറന്തള്ളൽ;

5) ഈ ചട്ടം നിലവിൽ വന്ന തീയതി (26/09/2017) മുതൽ പുറകോട്ടുള്ള 10 വർഷ കാലയളവിൽ ഉണ്ടായിട്ടുള്ള ശരാശരി ഉയർന്ന ജലനിരപ്പിൽ നിന്നും 50 മീറ്റർ ദൂരത്തിനുള്ളിൽ വരുന്ന പ്രദേശത്ത് ബോട്ട് ജെട്ടികൾ ഒഴികെയുള്ള സ്ഥായിയായ നിർമ്മിതികൾ;

6) വേട്ടയാടൽ.

പഞ്ചായത്ത് രാജ് നിയമപ്രകാരം തണ്ണീർത്തടങ്ങളുടെ കൈവശാവകാശം, അവയുടെ സൂക്ഷിപ്പിനും പരിപാലനത്തിനുമായി അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നൽകിയിരിക്കുന്നത്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ - 3

വേമ്പനാട് കായലിലേക്ക് പതിക്കുന്ന എല്ലാ നദികളുടെയും സംരക്ഷണവും അവ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മ പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം ടി സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സമീപപ്രദേശത്തെ വിവിധതരം മാലിന്യങ്ങൾ വേമ്പനാട്ട് കായലിലേക്ക് ഒഴുക്കിവിടുന്നില്ല എന്ന് കർശനമായി ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### പരിസ്ഥിതി വകുപ്പ്

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

വേമ്പനാട് കായലിന്റെ ജില്ലയിലെ 16 ഭാഗങ്ങളിൽ നിന്ന് എല്ലാ മാസവും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല സാമ്പിളുകൾ ശേഖരിച്ച് ജലഗുണനിലവാരം പരിശോധന നടത്തി വരുന്നു. കഴിഞ്ഞ 10 കൊല്ലത്തെ പരിശോധനാ ഫലങ്ങൾ സൂചിപ്പിക്കുന്നത് കായലിൽ ജല മലിനീകരണം കൂടി വരുന്നു എന്നാണ്. ജില്ലയിൽ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകൾ, കായലിന്റെ തീരത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ മാലിന്യങ്ങളും കൂടാതെ ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിലൂടെ ഒഴുകി വന്ന് വേമ്പനാട് കായലിൽ പതിക്കുന്ന 5 നദികൾ പ്രസ്തുത ജില്ലകളിലുള്ള പട്ടണങ്ങളിലെ മാലിന്യവും വഹിച്ച് എത്തിച്ചേരുന്നത് വേമ്പനാട് കായലിലാണ്. നിലവിൽ ആലപ്പുഴ ജില്ലയിലെ 72 പഞ്ചായത്തുകളിലും 6 മുനിസിപ്പാലിറ്റികളിലും പൊതു മലിനജല സംസ്കരണ സംവിധാനം ഇല്ലാത്തത് ജല മലിനീകരണത്തിന് കാരണമാകുന്നുണ്ട്. ശുചിമുറി മാലിന്യം ഉൾപ്പെടെ പ്രതിദിനം 6 ലക്ഷത്തിലധികം ലിറ്റർ മലിനജലം സ്വകാര്യ ടാങ്കറുകൾ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച് തൊട്ടടുത്തുള്ള ജലാശയങ്ങളിൽ തള്ളുന്നതായും ഇത് വേമ്പനാട് കായലിൽ എത്തിച്ചേർന്ന് വലിയതോതിലുള്ള മലിനീകരണത്തിന് വഴിവയ്ക്കുന്നതായും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനത്തിൽ കായലിന്റേയും അതിലേക്കെത്തുന്ന നദികളുടേയും വൃഷ്ടി പ്രദേശത്തുള്ള കൃഷിയിടങ്ങളിൽ നിന്ന് വലിയതോതിൽ വളവും

കീടനാശിനികളും ഉൾപ്പെടെയുള്ള രാസമാലിന്യങ്ങൾ കായലിൽ എത്തിച്ചേരുന്നതായും ഇത് 'ആൽഗൽ ബ്ലൂമിങ്ങിനും' ജലസസ്യങ്ങളുടെ അനിയന്ത്രിതമായ വളർച്ചയ്ക്കും ഇടയാക്കി കായലിന്റെ തനതായ ആവാസവ്യവസ്ഥയ്ക്ക് വലിയ മാറ്റങ്ങൾ സൃഷ്ടിക്കുകയും പ്രദേശത്തെ ജന്തു സസ്യജാലങ്ങളുടെ നിലനിൽപ്പ് കടുത്ത സമ്മർദ്ദത്തിലാക്കുകയും ചെയ്ത് ജലഗുണ നിലവാരം തകർച്ചയിലേക്ക് നയിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമിതിയുടെ പ്രസ്തുത ശിപാർശയിൽ നടപടി സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, ജലസേചന വകുപ്പ് എന്നീ വകുപ്പുകളിൽ നിന്നുമാണ്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നം.4

വേമ്പനാട് കായലിനോടും അനുബന്ധ ജലാശയങ്ങളോടും ചേർന്നു കിടക്കുന്ന ഭാഗങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും പരിശോധനയും നിർബന്ധമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ ബോർഡ് ജില്ലയിലെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. അതിൽവേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017 4(2)(vi) പ്രകാരം ഈ ചട്ടം നിലവിൽ വന്ന തീയതി (26/09/2017) മുതൽ പുറകോട്ടുള്ള 10 വർഷ കാലയളവിൽ ഉണ്ടായിട്ടുള്ള ശരാശരി ഉയർന്ന ജലനിരപ്പിൽ നിന്നും 50 മീറ്റർ ദൂരത്തിനുള്ളിൽ വരുന്ന പ്രദേശത്ത് ബോട്ട് ജെട്ടികൾ ഒഴികെയുള്ള സ്ഥായിയായ നിർമ്മിതികൾ നിരോധിച്ചിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ 5

വേമ്പനാട് കായൽ പ്രദേശങ്ങളിൽ കൈയ്യേറ്റം വ്യാപകമായതിനാൽ റവന്യൂ വകുപ്പ് കായൽ പ്രദേശത്ത് അടിയന്തര സ്ഥല സർവ്വേ നടത്തി കായലിന് നഷ്ടപ്പെട്ട ഭൂമി തിരിച്ചുപിടിച്ച് ഡീമാർക്കേറ്റ് ചെയ്യണമെന്നും അവിടങ്ങളിൽ കണ്ടൽക്കാടുകൾ തുടങ്ങിയവ നട്ടുപിടിപ്പിച്ച് ജൈവവേലി നിർമ്മിക്കണമെന്നും തുടർന്നും

ഉണ്ടായേക്കാവുന്ന കൈയ്യേറ്റങ്ങൾ നിയന്ത്രിക്കുന്നതിന് കർശനമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതിനോടൊപ്പം കായലിന്റെ തീരദേശങ്ങൾ സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കണമെന്നും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017 4(2)(i) പ്രകാരം കൈയ്യേറ്റം ഉൾപ്പെടെയുള്ള തണ്ണീർത്തടേതര ഉപയോഗത്തിനായുള്ള പരിവർത്തനം നിരോധിച്ചിട്ടുള്ളതാണ്.

**റവന്യൂ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ REV-P1/168/2019/REV. തീയതി 13-11-2019)

കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിലെ നാട്ടകം, തിരുവാർപ്പ്, കുമരകം, അയ്മനം, ആർപ്പൂക്കര എന്നീ 5 വില്ലേജുകളുടെ അതിർത്തിയും വൈക്കം താലൂക്കിലെ വെച്ചൂർ, തലയാഴം, വൈക്കം, നടുവിലെ, വടക്കേമുറി, കുലശേഖരമംഗലം, ചെമ്പ് എന്നീ 7 വില്ലേജുകളുടെ അതിർത്തിയും വേമ്പനാട്ടുകായലിനോട് ചേർന്ന് വരുന്നു. ഇതിൽ കോട്ടയം താലൂക്കിലെ 5 വില്ലേജുകളിൽ നാട്ടകം, തിരുവാർപ്പ് , ആർപ്പൂക്കര, അയ്മനം എന്നീ 4 വില്ലേജുകളുടെ വേമ്പനാട് കായലുമായുള്ള അതിർത്തി പുനർനിർണ്ണയം സംബന്ധിച്ച സർവെ ജില്ലാ സർവെ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും (ഏകദേശം 40 കി.മീ), കുമരകം വില്ലേജിന്റെ അതിർത്തി പുനർനിർണ്ണയ ജോലി പുരോഗതിയിലുമാണ്. പൂർത്തീകരിച്ച വില്ലേജുകളുടെ സ്കെച്ചുകൾ ലഭ്യമായിട്ടുള്ളതും ആയത് കോട്ടയം ഭൂരേഖ തഹസീൽദാർക്കും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിമാർക്കും കൈമാറിയിട്ടുള്ളതും, നാട്ടകം, തിരുവാർപ്പ് വില്ലേജുകളുടെ അതിർത്തികൾ ബന്ധപ്പെട്ട വില്ലേജ് ആഫീസർമാർ, കോട്ടയം മുൻസിപ്പൽ സെക്രട്ടറി, തിരുവാർപ്പ് പഞ്ചായത്ത് സെക്രട്ടറി, കോട്ടയം ഭൂരേഖ തഹസീൽദാർ എന്നിവരെ കാണിച്ച് ബോധ്യപ്പെടുത്തിയിട്ടുമുണ്ട്.

സർവ്വേ പൂർത്തിയായ വില്ലേജുകളിലെ വേമ്പനാട്ടുകായലിന്റെ അതിർത്തിയിൽ സർവ്വേക്കല്ല് സ്ഥാപിക്കുന്നതിലേയ്ക്ക് നിശ്ചിത അളവിലുള്ള സർവ്വേക്കല്ലുകൾ

ലഭിക്കുന്നതിനുള്ള ദൗർലഭ്യം നേരിടുന്നതുമൂലം സർവ്വേക്കല്ലുകൾ സ്ഥാപിച്ചിട്ടില്ലെന്ന് ജില്ലാ സർവ്വേ സൂപ്രണ്ട് അറിയിച്ചിട്ടുള്ളതിനാൽ കാലാകാലങ്ങളിൽ ചെളിക്കട്ട കൊണ്ട് ബണ്ട് നിർമ്മിക്കുമ്പോൾ സർവെ കല്ല് നഷ്ടപ്പെട്ട് പോകുവാൻ സാധ്യതയുള്ളതിനാൽ സർവ്വേക്കല്ലുകൾക്ക് പകരം ബന്ധപ്പെട്ട പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവരുടെ സഹകരണത്തോടെ കോൺക്രീറ്റ് പില്ലറുകൾ ഇട്ട് അതിർത്തി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്.

വേമ്പനാട് കായലിന് മുഴുവൻ തീരപ്രദേശത്തും കണ്ടൽ തൈകൾ വയ്ക്കുവാൻ സാധിക്കുകയില്ലെന്നും ഓര് വെള്ളം (ഉപ്പുവെള്ളം) കയറുന്ന സ്ഥലങ്ങളിൽ മാത്രമേ കണ്ടൽചെടികൾ നന്നായി വളരുകയുള്ളൂ എന്ന് എ.സി.എഫ് അറിയിച്ചിട്ടുണ്ട്. വേമ്പനാട് കായലിന്റെ തീരം പരിശോധിച്ച് എവിടെയെല്ലാം കണ്ടൽ തൈകൾ സ്ഥാപിക്കുവാൻ സാധിക്കുമെന്ന് പരിശോധിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കുവാൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വേമ്പനാട് കായൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായതിനാൽ, സർവ്വേ വകുപ്പ് മുഖാന്തിരം അതിർത്തി നിർണ്ണയം നടത്തി, നിലവിലുള്ള കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇപ്പോൾ കണ്ടെത്തിയ ടി കയ്യേറ്റങ്ങൾ പഞ്ചായത്ത് സെക്രട്ടറിമാർ നിയമാനുസൃതം ഒഴിപ്പിക്കണമെന്നും, തുടർന്ന് ടി പ്രദേശത്ത് കയ്യേറ്റങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണെന്നും ആയതിനുള്ള നിരീക്ഷണ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നടപ്പാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. വേമ്പനാട്ട് കായൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായതിനാൽ, പഞ്ചായത്ത് സെക്രട്ടറിമാർ മുഖേന നടപടി പൂർത്തിയാക്കേണ്ട കേസുകളിൽ എത്രയും വേഗം എ.ഫോറം റിപ്പോർട്ടും സ്കെച്ചും കുമരകം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറി വിവരം റിപ്പോർട്ട് ചെയ്യുവാൻ കോട്ടയം (ഭൂരേഖ) തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്

എറണാകുളം ജില്ലയിൽ, വേമ്പനാട്ട് കായൽ തീരങ്ങളിലെ കയ്യേറ്റം തിട്ടപ്പെടുത്തുന്നതിന് ടി കായലോരം സർവ്വേ ചെയ്യുന്നതിനായി ഫോർട്ട് കൊച്ചി സബ് കളക്ടറുടെ നേതൃത്വത്തിൽ ഒരു 13 അംഗ 'സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുള്ളതാണ്. ടി സർവ്വേ ടീം നിരവധി യോഗങ്ങൾ ചേരുകയും

ഇക്കാര്യത്തിൽ പുരോഗതി വിലയിരുത്തുകയും സർവ്വേ നടപടികൾ നടത്തിവരികയുമാണ്.

ഫോർട്ട് കൊച്ചി സബ്കളക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ടാസ്ക് ഫോഴ്സ് എറണാകുളം ജില്ലയിലെ വേമ്പനാട്ട് കായലോരത്ത് സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിട്ടപ്പെടുത്തിയിട്ടുള്ളതും, ആയതു സർവ്വെ നടത്തുന്നതിന് പ്രതീക്ഷിക്കുന്ന തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീതം പ്രത്യേകം തിരിച്ച് കണക്കാക്കിയിട്ടുള്ളതുമാണ്. സർവ്വേ നടത്തുന്നതിനുള്ള ചിലവ് വഹിക്കുവാൻ ഫോർട്ട് കൊച്ചി സബ്കളക്ടർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയെങ്കിലും, ഇത്രയും ഭീമമായ തുക സർവ്വെ ചെയ്യുന്നതിന് നൽകുന്നതിന്, സർക്കാർ നിർദ്ദേശം ഉണ്ടാകേണ്ടതുണ്ട് എന്ന വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുള്ളതാണ്. സർവ്വേയ്ക്കുള്ള ചിലവ് കണ്ടെത്താനാകാത്തതിനാൽ, നാളിതു വരെ സർവ്വേ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.

എന്നാൽ വേമ്പനാട്ട് കായലിന്റെ ഭാഗമായ ചിലവന്നൂർ കായൽ മാത്രം സർവ്വെ നടത്തുവാൻ, ശ്രീ.ചെഷയർ ടാർസൻ ഫയൽ ചെയ്ത WP(C) NO. 34805/16 നമ്പർ കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം, സർവ്വെ ചെയ്യുന്നതിന് 500000/- (അഞ്ച് ലക്ഷം രൂപ) അനുവദിച്ചിട്ടുള്ളതും, പ്രസ്തുത സർവ്വെ നടപടികൾ നടന്നു വരുന്നതുമാണ്.

വേമ്പനാട് കായലിന്റെ എറണാകുളം, കോട്ടയം, ജില്ലകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ സർവ്വെ ചെയ്യുന്നതിനായി പ്രതീക്ഷിക്കുന്ന യഥാക്രമം 45,63,934/- രൂപ, 21,46,561/- രൂപ ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടിട്ടുള്ളതാണ്. ടി ഫണ്ട് അനുവദിക്കേണ്ടത് റവന്യൂ (ഇ) വകുപ്പായതിനാൽ, പ്രസ്തുത വകുപ്പിൽ ആയതിനു വേണ്ടുന്ന നടപടികൾ സ്വീകരിച്ചു വരുന്നതാണ്.

(18.09.2020-ലെ സമിതിയോഗം പരിഗണിക്കുകയും പ്രസ്തുത മറുപടി ആക്ഷൻടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനും ധനകാര്യ വകുപ്പിൽ നിന്നും അധിക വിവരം ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.)

<u>ശിപാർശ നം.7</u>

വേമ്പനാട് കായലിന്റെ ആഴം കുറയ്ക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന ചെളി മണ്ണ് ശേഖരിച്ച് അതിലുള്ള പോഷകങ്ങളെക്കുറിച്ച് പഠിച്ച് അവശ്യം വേണ്ടുന്ന

വസ്തുക്കൾ കൂട്ടിക്കലർത്തി ജൈവവളമായി മാറ്റാൻ കഴിയുന്ന പദ്ധതി വ്യാപകമാക്കണമെന്നും അതുവഴി കായലിന്റെ ജലവാഹകശേഷി മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

വേമ്പനാട് കായലിന്റെ ജല ഗുണനിലവാരം, ചെളിയിലേയും മണ്ണിന്റേയും പോഷകങ്ങളെകുറിച്ചുള്ള പഠനങ്ങൾ, കായലിന്റെ സംവഹന ശേഷി പഠനങ്ങൾ മുതലായവ അതോറിറ്റി മുഖേന നടപ്പാക്കുന്നതാണ്. കായലിൽ അടിഞ്ഞു കൂടുന്ന ചെളിമണ്ണ് പരമ്പരാഗതമായി ജൈവവളമായി സമീപവാസികൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതാണ്. ഇത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പുമായി ചേർന്ന് സംസ്ഥാന തണ്ണീർത്തട അതോറിറ്റി സ്വീകരിച്ചുവരുന്നു.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നം.8

വേമ്പനാട് കായലിന്റെ വൈവിധ്യമാർന്ന ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും അതിന്റെ പ്രകൃതി ഭംഗി കാത്തു സൂക്ഷിക്കുന്നതിനും കായലിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയും വിധം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി വേമ്പനാട് തണ്ണീർത്തട സംരക്ഷണ അതോറിറ്റി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

വേമ്പനാട്-കോൾ തണ്ണീർത്തടത്തിന്റെ ജൈവവൈവിധ്യ സംരക്ഷണവും അവ നൽകുന്ന പരിസ്ഥിതി സേവനങ്ങളും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടിയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച സമഗ്ര കർമ്മ പരിപ്രേഷ്യം നടപ്പാക്കുന്നത്. തണ്ണീർത്തടം കേന്ദ്രീകരിച്ചുള്ള സുസ്ഥിര വിനോദസഞ്ചാര പ്രവർത്തനങ്ങൾ നൈപുണ്യ വികസനം, സുസ്ഥിര തണ്ണീർത്തട കാർഷിക പ്രവർത്തനങ്ങൾ, സാമുദ്രിക പ്രവർത്തനങ്ങളും കായൽ പ്രവർത്തനങ്ങളും

നിലനിർത്തുന്ന ജലസംയോജനം സാധ്യമാക്കൽ, തനത് പരിസ്ഥിതി നിലനിർത്തുന്ന പദ്ധതികൾ, പാരിസ്ഥിതിക ഘടകങ്ങളിലുണ്ടാകുന്ന വ്യതിയാനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തൽ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ മുകൾഭാഗത്തുള്ള നീർത്തട പ്രദേശങ്ങളിലും താഴെയുള്ള ജലപ്രദേശങ്ങളിലും ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനാണ് വേമ്പനാട്-കോൾ തണ്ണീർത്തടത്തിന്റെ കർമ്മ പരിപ്രേഷ്യം തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനപരമായ ക്രമീകരണം, ആവാസവ്യവസ്ഥ പരിപാലനം, സുസ്ഥിര വിഭവ പരിപോഷണം, സമൂഹത്തിന്റെ ജീവനോപാധി മെച്ചപ്പെടുത്തൽ എന്നിവയാണ് ഈ കർമ്മ പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഏകോപനം സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ - 9

തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായുള്ള പ്രകൃതിയുടെ രക്ഷാകവചമാണ് കണ്ടൽക്കാടുകൾ. ആയതിനാൽ വേമ്പനാട് കായലിന്റെ തീരത്തും കായലിലേക്ക് എത്തിച്ചേരുന്ന നദികളുടെ ഓരങ്ങളിലും പൊതുജനപങ്കാളിത്തത്തോടെ കണ്ടൽച്ചെടികൾ വച്ചു പിടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

വേമ്പനാട് കായലിന്റെ കർമ്മ പരിപ്രേഷ്യം നടപ്പാക്കുന്നത് വഴി കണ്ടൽ സംരക്ഷണവും, പുനരുജ്ജീവനവും ഒരു പരിധിവരെ നടപ്പാക്കുന്നതാണ്. അതിനായി ആദ്യ വർഷത്തേയ്ക്കായി തണ്ണീർത്തട അതോറിറ്റി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കണ്ടൽ സംരക്ഷണവും പുനരുജ്ജീവനമായി ബന്ധപ്പെട്ട് വരും വർഷങ്ങളിൽ തണ്ണീർത്തട ശൃംഖലയുടെ ചുറ്റുപാടുമുള്ള കണ്ടലുകളുടെ സർവ്വേയും അതിർത്തി നിർണ്ണയവും, കണ്ടൽ ആവാസവ്യവസ്ഥയുടെ മൂല്യങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച് സാമൂഹിക അവബോധം ഉണ്ടാക്കുക, കായലിന് ചുറ്റുമുള്ള സ്വകാര്യ ഭൂഉടമകൾക്ക് കണ്ടൽ പുനരുദ്ധാരണ പരിപാടികൾക്കായി പ്രോത്സാഹനം നൽകുക മുതലായ പ്രവർത്തനങ്ങൾ ചെയ്യാൻ അതോറിറ്റി ഉദ്ദേശിക്കുന്നുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**വനം-വന്യജീവി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ FWLD-E1/147/2018-FWLD തീയതി 02.08.2019.)

കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation & Management of Mangroves in Vembanad എന്ന പദ്ധതി മുഖേന വേമ്പനാട് കായലിന്റെ സംരക്ഷണത്തിനായി ഇതിന്റെ പല പ്രദേശങ്ങളിലായി കാണപ്പെടുന്ന കണ്ടൽക്കാടുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആയതിനായി കണ്ടൽച്ചെടികളും അതുമായി ബന്ധപ്പെട്ട മറ്റു വർഗ്ഗത്തിലുള്ള തൈകളും ഉൽപ്പാദിപ്പിച്ച് ജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ രാമച്ചതൈകൾ ഉൽപ്പാദിപ്പിച്ച് വേമ്പനാട് കായൽ ഉൾപ്പെടെയുള്ള നദിയുടെ തീരങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ വച്ചുപിടിക്കാനും അതുവഴി മണ്ണ് സംരക്ഷണവും ഉറപ്പാക്കുന്നു. കൂടാതെ തടിക്കും വിറകാവശ്യത്തിനുമായി കണ്ടൽച്ചെടികൾ നശിപ്പിക്കപ്പെടാതിരിക്കുവാൻ ഇന്ധന ക്ഷമതയുള്ള മറ്റു തൈകൾ ഉൽപ്പാദിപ്പിച്ച് തീരദേശങ്ങളിൽ വച്ചുപിടിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(01.10.2019-ലെ സമിതിയോഗം പരിഗണിക്കുകയും വേമ്പനാട് കായൽക്കരയിൽ മുൻപ് ഉണ്ടായിരുന്ന കണ്ടൽക്കാടുകളുടെ വിസ്തൃതി, കണ്ടൽക്കാടുകളുടെ കാര്യത്തിലുണ്ടായ കുറവ്, വച്ചു പിടിപ്പിച്ച കണ്ടൽക്കാടുകൾ, നിലവിലുള്ള കണ്ടൽക്കാടുകൾ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ വനം-വന്യജീവി വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.)

<u>ശിപാർശ നം.10</u>

കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പ്രദേശവാസികൾ, കുടുംബശ്രീ അംഗങ്ങൾ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ എന്നിവർക്കായി ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിച്ച് തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിന് പൊതുജനങ്ങളെ സജ്ജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

വേമ്പനാട് കായൽ സംരക്ഷണവും പരിപാലനവുമായി ബന്ധപ്പെട്ട് വിവിധ

ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും തദ്ദേശീയവാസികൾക്ക് അതോറിറ്റി മുഖേന നൽകുന്നതാണ്. വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന പഞ്ചായത്തുകൾക്ക് 2019 ഫെബ്രുവരി മാസം നാലാം തീയതി ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് തണ്ണീർത്തടവുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന നിയമങ്ങളിൽ പഞ്ചായത്ത് സെക്രട്ടറി / പ്രസിഡന്റ്മാർക്ക് സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിൽ നിന്നും ബോധവത്ക്കരണ സെമിനാർ നടത്തിയിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**വനം-വന്യജീവി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ FWLD-E1/147/2018-FWLD തീയതി 02.08.2019.)

ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിച്ച് പ്രദേശവാസികൾ, കുടുംബശ്രീ അംഗങ്ങൾ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ എന്നിവരെയും ഉൾപ്പെടുത്തി കണ്ടൽക്കാട് വച്ചുപിടിപ്പിക്കേണ്ടതിന്റേയും, ആയത് സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ബോധവാന്മാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഘുലേഖകൾ വിതരണം ചെയ്തും ബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടത്തി വരുന്നു. പൊതുജനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പൂർണ്ണ സഹകരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

(01.10.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നം. 11

വേമ്പനാട് കായലിലെ വിനോദസഞ്ചാര മേഖലയിൽ ഉപയോഗിക്കുന്ന ഹൗസ് ബോട്ടുകൾ, മറ്റ് ജലയാനങ്ങൾ എന്നിവയുടെ നിർമ്മാണം കായലിന്റെ വാഹകശേഷിക്കനുസൃതമായി പരിഷ്കരിക്കണമെന്നും വാഹകശേഷിയുടെ അടിസ്ഥാനത്തിൽ മാത്രം അംഗീകാരമുള്ള സ്പീഡ് ബോട്ടുകൾ, ഹൗസ് ബോട്ടുകൾ

എന്നിവയ്ക്ക് പ്രവർത്തിക്കാൻ അനുവാദം നൽകണമെന്നും ആയതിനു വേണ്ടുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ലൈസൻസില്ലാത്ത സ്പീഡ് ബോട്ടുകളേയും ഹൗസ് ബോട്ടുകളേയും വിനോദസഞ്ചാര മേഖലയിൽ അനുവദിക്കരുതെന്നും ലൈസൻസ് നൽകുന്ന വകുപ്പ് തന്നെ നിരീക്ഷണ സംവിധാനവും ബോട്ടുകൾ ഇടവേളകളിൽ മാത്രം സർവ്വീസ് നടത്തുന്ന സംവിധാനവും ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും, ഹൗസ് ബോട്ടുകളിൽ പരിശോധന നടത്തി മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തുന്നതായി കാണുന്നവർക്കെതിരെ പിഴ ചുമത്തുന്നതുൾപ്പെടെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. നിശ്ചിത ഇടവേളകളിലുള്ള ദ്രവ മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തിയ ഹൗസ് ബോട്ടുകളിൽ നിന്നും 600 ലക്ഷത്തിൽ അധികം രൂപ 2018-19 സാമ്പത്തിക വർഷം ഫൈനായി ഈടാക്കിയിട്ടുണ്ട്. DTPC-യുടെ നിയന്ത്രണത്തിൽ H-Block-ൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് വർഷങ്ങളായി പ്രവർത്തന രഹിതമാണ്. വേണ്ട അറ്റകുറ്റപ്പണികൾ നടത്താതെ ടി പ്ലാന്റ് ഗുരുതരമായ കായൽ മലിനീകരണത്തിന് ഇടയാക്കുന്നു. നിലവിലെ സ്ഥിതിയിൽ ഇത് DTPC ക്കും, ഹൗസ് ബോട്ട് അസ്സോസിയേഷനും വരുമാനം ഉണ്ടാക്കുന്നതിനു മാത്രമേ ഉപകാരപ്പെടുന്നുള്ളൂ. ഹൗസ് ബോട്ടുകൾക്ക് അടിയന്തരമായി ഒന്നിലധികം പൊതു ശുചിമുറി മാലിന്യ സംസ്കരണ പ്ലാന്റ് ഒരുക്കുകയും, DTPC യുടെ നിയന്ത്രണത്തിലുള്ള പ്ലാന്റ് പുനർജ്ജീവിപ്പിക്കേണ്ടതും, ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഉടമസ്ഥതയിലുള്ള വട്ടക്കായലിൽ ഹൗസ് ബോട്ട് ടെർമിനലിനോട് ചേർന്ന 75% പണി തീർന്നുകിടക്കുന്ന STP പ്ലാന്റ് അടിയന്തിരമായി പ്രവർത്തന സജ്ജമാക്കേണ്ടതും, ഹൗസ് ബോട്ടുകൾ എത്തുന്ന എല്ലാ ടെർമിനലുകളിലും മതിയായ മലിനജല ശേഖരണ ടാങ്കുകൾ സ്ഥാപിച്ച് എല്ലാ ഹൗസ് ബോട്ടുകൾക്കും 2-5 ദിവസത്തിനിടയിൽ ഒരിക്കലെങ്കിലും ബോട്ടിലെ ടാങ്കിൽ ശേഖരിക്കപ്പെടുന്ന മലിനജലം കളക്ഷൻ ടാങ്കുകളിൽ ശേഖരിച്ച് പൂർണ്ണമായി സംസ്കരിക്കുന്നതിനുവേണ്ടി നൽകാനുള്ള സംവിധാനവും ഏർപ്പെടുത്തേണ്ടതുണ്ടെന്നും

സംസ്ഥാന മലിനീകരണ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് ടൂറിസം-തുറമുഖ വകുപ്പുകളുടെ ചുമതലയിൽപ്പെട്ടുന്നതാണ്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## മത്സ്യബന്ധന തുറമുഖ വകുപ്പ്

(സർക്കാർ കത്ത് നമ്പർ 81/ഇ 2/2019/മ.തു.വ. തീയതി 25-10-2019)

CWDRM-ന്റെ റിപ്പോർട്ടിൽ വേമ്പനാട്ടുകായലിന്റെ ക്യാരിയിങ് കപ്പാസിറ്റിയിൽ കൂടുതൽ ബോട്ടുകൾ ആലപ്പുഴ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2013 ഡിസംബർ 31 മുതൽ ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ നിന്ന് പുതിയ വെസ്സലുകളുടെ നിർമ്മാണാനുമതി നൽകുന്നത് നിർത്തിവച്ചു. ഇതിനുമുമ്പായി നിർമ്മാണാനുമതി നൽകിയിട്ടുള്ള വെസലുകൾ, നിലവിൽ രജിസ്ട്രേഷനുള്ളതും എന്നാൽ ജീർണ്ണിച്ച നിലയിലായതിനാൽ റിപ്പയർ ചെയ്യുവാൻ കഴിയാത്തതുമായ വെസലുകൾ, തീപിടുത്തത്തിൽ പൂർണ്ണമായും നശിച്ച ബോട്ടുകൾ എന്നിവയ്ക്ക് മാത്രമാണ് രജിസ്ട്രേഷൻ നൽകിയിട്ടുള്ളത്. 07-06-2018-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന വെസലുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ തുറമുഖ വകുപ്പിനു കീഴിൽ നടന്നു വരികയാണ്. തുറമുഖ വകുപ്പിലെ ഉദ്യോഗസ്ഥർ വേമ്പനാട്ടു കായലിൽ സർപ്രൈസ് ഇൻസ്പെക്ഷനുകൾ നടത്തിവരുന്നുണ്ട്. പരിശോധനയിൽ, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വെസലുകൾക്ക് പിഴ ചുമത്തുകയും, സ്റ്റോപ്പ് മെമ്മോ നൽകുകയുമാണ് ചെയ്യുന്നത്. അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം വെസലുകൾ പിടിച്ചുകെട്ടുന്നതിന് അനുയോജ്യമായ സ്ഥലം തുറമുഖ വകുപ്പിൽ ലഭ്യമല്ലാത്തതിനാൽ സ്വകാര്യ സ്ഥലം തുറമുഖ വകുപ്പിന് വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി സ്ഥലം ലഭ്യമായാൽ മാത്രമേ അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം വെസലുകൽ പിടിച്ചുകെട്ടുന്നതിന് സാധ്യമാവൂ. ഉൾനാടൻ ജലയാനങ്ങളിൽ പരിശോധന നടത്തുന്നതിനായി പരിശോധന വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നം. 12

നഗരങ്ങളിലെ ഹോട്ടലുകൾ, ആശുപത്രികൾ, ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങിയവയിൽ നിന്നും തോടുകളിലേക്കും കായലിലേക്കും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

വ്യവസായങ്ങൾ, നഗരങ്ങൾ, പട്ടണങ്ങൾ, ഗ്രാമങ്ങൾ, മറ്റ് മനുഷ്യവാസ കേന്ദ്രങ്ങൾ എന്നിവയിൽ നിന്നുമുള്ള സംസ്കരിക്കാത്ത മാലിന്യങ്ങളുടെ പുറന്തള്ളൽ മുതലായവ തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017-ലെ സെക്ഷൻ 4(2) (iv) & (v) പ്രകാരം നിരോധിച്ചിട്ടുള്ളതാണ്. വേമ്പനാട് കായലിന്റെ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതു സംബന്ധിച്ച് അതോറിറ്റിയിൽ നിന്നും നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ - 13

വിവിധകാരണങ്ങളാൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ കഴിയാതെ വന്ന പാതിരാമണലിലേയും കുമരകത്തേയും അനന്തമായ സാദ്ധ്യതകളുള്ള ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കുകയും വേമ്പനാട് കായൽ ടൂറിസം മേഖലയിൽ ഓരോ പദ്ധതിയും നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി പ്രവർത്തകരും ടൂറിസം ഓപ്പറേറ്റർമാരും തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങൾ സമവായത്തിലൂടെ പരിഹരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

പാതിരാമണൽ ദ്വീപ് ഉൾപ്പെടുന്ന വേമ്പനാട് കായൽ, തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017-ലെ വ്യവസ്ഥകൾക്ക് വിധേയമായി

ഉണ്ടാക്കിയ കർമ്മ പരിപ്രേഷ്യം അനുസരിച്ച് സംരക്ഷിക്കപ്പെടുന്നതാണ്. കായൽ ടൂറിസവുമായി ബന്ധപ്പെട്ട ശിപാർശകളിൽ നടപടി സ്വീകരിക്കേണ്ടത് ടൂറിസം വകുപ്പിൽ നിന്നാണ്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നം.16

വേമ്പനാട് കായലിലെ മാലിന്യം സംസ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിമിതമായ ഫണ്ട് തികയാതെ വരുന്ന സാഹചര്യം നിലവിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. 'റാംസർ സൈറ്റ്' ആയി പ്രഖ്യാപിക്കപ്പെട്ട ഒരു പ്രദേശത്തിന്റെ സംരക്ഷണത്തിന് ഐക്യരാഷ്ട്ര സംഘടനയുൾപ്പെടെയുള്ള സംഘടനകളുടെ ധനസഹായത്തിന് അർഹതയുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെയും ഐക്യരാഷ്ട്ര സംഘടനയുടെ പരിസ്ഥിതി വിഭാഗത്തിന്റെയും ധനപരമോ സാങ്കേതികമോ ആയ സഹായങ്ങൾ തേടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2017-ലെ വ്യവസ്ഥകൾ ഉപയോഗിച്ച് സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിനു വേണ്ടി വെറ്റ് ലാന്റ് ഇന്റർനാഷണൽ സൗത്ത് ഏഷ്യ (WISA), ജലവിഭവ വികസന വിനിയോഗ കേന്ദ്ര (CWRDM) എന്നിവർ ചേർന്ന് മൂന്ന് റാംസാർ തണ്ണീർത്തടങ്ങൾക്കുവേണ്ടി ഓരോ സമഗ്ര പരിപാലന കർമ്മ പരിപ്രേഷ്യം (MAP) തയ്യാറാക്കിയിട്ടുണ്ട്. അതിൽ വേമ്പനാട് കായലും ഉൾപ്പെട്ടിട്ടുണ്ട്. ഈ കർമ്മ പരിപ്രേഷ്യം 22.08.2017-ൽ ചേർന്ന സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയിൽ അംഗീകരിക്കുകയും തുടർ സാമ്പത്തിക സഹായത്തിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുകയും ചെയ്തു. വിശദമായ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വേമ്പനാട്-കോൾ തണ്ണീർത്തടത്തിന്റെ സമഗ്ര പരിപാലന കർമ്മ പരിപ്രേഷ്യം (Management Action Plan- MAP) അഞ്ച് വർഷത്തേയ്ക്കായി അംഗീകരിക്കുകയും സാമ്പത്തിക സഹായമായി ആദ്യ

വർഷത്തേക്കായി 141.15 ലക്ഷം (കേന്ദ്ര വിഹിതത്തിന്റെ 60% ആയ 84.85 ലക്ഷം രൂപയും സംസ്ഥാന വിഹിതത്തിന്റെ 40% ആയ 56.30 ലക്ഷം രൂപയും) അനുവദിക്കുകയുണ്ടായി. മറ്റു സംഘടനകളിൽ നിന്നും വേമ്പനാട് കായലിനായിട്ട് ധനപരമായോ സാങ്കേതികമായോ ആയ സഹായങ്ങൾ സംസ്ഥാന തണ്ണീർത്തട അതോറിറ്റി മുഖാന്തിരം ലഭ്യമാക്കുന്നതിനായി ശ്രമിക്കുന്നതാണ്. അതിനു പുറമെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട ശാസ്ത്ര അവബോധ പ്രോജക്ടുകൾക്കും തണ്ണീർത്തട അതോറിറ്റി ധനസഹായം നൽകിയിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നം.17

ഹൗസ് ബോട്ടുകളിൽ നിന്നും ഇതര ഭാഗങ്ങളിൽ നിന്നും കായലിൽ വന്നടിയുന്ന പ്ലാസ്റ്റിക് വസ്തുക്കൾ പ്രത്യേകം ശേഖരിച്ച് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകളിൽ സംസ്കരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

ഹൗസ് ബോട്ടുകളിൽ നിന്നും ഇതര ഭാഗങ്ങളിൽ നിന്നും കായലിൽ വന്നടിയുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ പ്രത്യേകം ശേഖരിച്ച് പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റുകളിൽ സംസ്കരിക്കുന്നതിനെപ്പറ്റി സമിതിയുടെ നിർദ്ദേശം തണ്ണീർത്തട അതോറിറ്റിയുടെ അടുത്ത യോഗത്തിൽ അജണ്ട ആയി വച്ച് അംഗീകാരം ലഭിച്ചതിനുശേഷം പ്രോപ്പോസൽ ക്ഷണിക്കുന്നതാണെന്ന് സംസ്ഥാന തണ്ണീർത്തട അതോറിറ്റി മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**മത്സ്യബന്ധന തുറമുഖ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 81/ഇ 2/2019/മ.തു.വ. തീയതി 25-10-2019)

വാർഷിക സർവ്വേയുമായി ബന്ധപ്പെട്ട് കെ.എ.വി. ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിൽ, വെസലിലെ മാലിന്യ നീക്കം സംബന്ധിച്ച് 2015-ലെ KIV റൂൾ ഭേദഗതി സെക്ഷൻ 146-ൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ മാലിന്യങ്ങൾ തരം തിരിച്ച്

ശേഖരിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ എന്ന കാര്യം ഉറപ്പാക്കുന്നുണ്ട്. ഇതു പാലിക്കുന്ന ഹൗസ് ബോട്ടുകൾക്ക് മാത്രമേ കെ.ഐ.വി. പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ പുതുക്കി നൽകുന്നുള്ളൂ. ഇപ്രകാരം ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് അടക്കമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും, ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ഡി.ടി.പി.സിക്കു കീഴിലുള്ള ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നം.18</u>

വേമ്പനാട് കായലിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള യാനങ്ങൾ പുറപ്പെടുമ്പോഴും തിരികെയെത്തുമ്പോഴും പരിശോധന നടത്തുന്നതിന് ഒരു കേന്ദ്രീകൃത സംവിധാനമുണ്ടാക്കണമെന്നും അതിനായി ലൈസൻസ് നൽകുന്ന ബോട്ടുകളിൽ നിന്നും മാലിന്യ സംസ്കരണം നടത്തുന്നതിന്റെ ചെലവിന്റെ വിഹിതം സർക്കാർ ഈടാക്കണമെന്നും അതിന്റെ നിരക്ക് കാലോചിതമായി പരിഷ്കരിക്കണമെന്നും ഒരു ദിവസം കായലിലിറക്കാവുന്ന ബോട്ടുകളുടെ എണ്ണം പരിമിതപ്പെടുത്തണമെന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പാഴ് വസ്തുക്കൾ തിരിച്ചെത്തിക്കാത്ത ബോട്ടുകളുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**മത്സ്യബന്ധന തുറമുഖ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 81/ഇ 2/2019/മ.തു.വ. തീയതി 25-10-2019)

ആലപ്പുഴയിലെ ജലാശയങ്ങളുടെ പല ഭാഗങ്ങളിൽ നിന്നുമാണ് ആലപ്പുഴയിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള യാനങ്ങൾ സർവ്വീസ് ആരംഭിക്കുന്നതും തിരികെയെത്തുന്നതും. ഇതിന് ഒരു കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുന്നതിന് പരിജ്ഞാനമുള്ള ജീവനക്കാരെ അധികമായി നിയോഗിക്കേണ്ടതും അനുയോജ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കേണ്ടതുള്ളതിനാൽ ഇക്കാര്യത്തിലും ശാസ്ത്രീയമായ മാലിന്യ സംസ്കരണ വിഷയത്തിലും വ്യക്തമായ ഒരു രൂപഘടന തയ്യാറാക്കുന്നതിന് രജിസ്റ്ററിംഗ് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നം.20

വേമ്പനാട് കായലിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി കൂടിയിട്ടുള്ളതും ജലത്തിന്റെ നിറം തന്നെ വ്യത്യാസപ്പെട്ടിട്ടുള്ളതും സമിതിയ്ക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ജലയാനങ്ങളുടെ എഞ്ചിനിൽ ഡീസൽ, മണ്ണെണ്ണ എന്നിവയുടെ ഉപയോഗം പരമാവധി ഒഴിവാക്കി ഗ്യാസിലേക്കും സോളാർ സംവിധാനത്തിലേയ്ക്കും മാറ്റുന്നതിനായി നടപടികൾ ക്രമാനുഗതമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**ഊർജ്ജ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ പി.എസ്.2/എസ്2/113/2019-ഊ.വ. തീയതി 20-08-2019)

ജലയാനങ്ങളുടെ എഞ്ചിനിൽ ഡീസൽ, മണ്ണെണ്ണ എന്നിവയ്ക്ക് പകരം സോളാർ പാനലുകളിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കുന്നത് ഒരു പരിധി വരെ സാധ്യമാണ്. കഴിഞ്ഞ രണ്ട് വർഷത്തോളമായി വൈക്കം-തവണക്കടവ് ജലപാതയിൽ 75 യാത്രക്കാർക്കുള്ള സോളാർ ബോട്ട് ഫെറി സർവ്വീസ് നടത്തി വിജയകരമെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. എന്നാൽ ഇതിനായി സോളാർ ഫയലുകൾ സ്ഥാപിക്കാൻ പരന്ന് വിസ്തൃതമായ മേൽക്കൂരയും ശൃംഖലാ വൈദ്യുതിയിൽ നിന്നും ബാറ്ററി ചാർജ്ജ് ചെയ്യാൻ വേണ്ട സംവിധാനവും അത്യാവശ്യമാണ്. നിലവിലുള്ള ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള ജലയാനങ്ങൾ ബാറ്ററികളും, സോളാർ പാനലുകളും, പ്രത്യേക മോട്ടേർ സംവിധാനങ്ങളും ഉപയോഗിച്ചുകൊണ്ട് പൂർണ്ണമായും സൗരോർജ്ജത്തിൽ പ്രവർത്തിപ്പിക്കുക പ്രായോഗികമല്ല. എന്നാലും ജലയാനങ്ങളിലെ വിളക്കുകൾ, ഹോൺ, ബാറ്ററി ചാർജ്ജറുകൾ തുടങ്ങിയ ഊർജ്ജ ഉപഭോഗം കുറഞ്ഞ ഉപകരണങ്ങൾ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നത് സാധ്യമാണ്. ഇതിന് യാനങ്ങളുടെ ഘടനയിൽ കാര്യമായ മാറ്റം വരുത്തേണ്ടതില്ല.

ഇതിനായി ടൂറിസം വകുപ്പ്, തുറമുഖ വകുപ്പ്, ജലഗതാഗത വകുപ്പ് എന്നീ വകുപ്പുകൾക്ക് ആവശ്യമായ സാങ്കേതിക സഹായം അനെർട്ട് മുഖേന ലഭ്യമാക്കാൻ കഴിയുന്നതാണ്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നം.22

വേമ്പനാട് കായലിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ വ്യാപകമാകുന്ന പോളയെ മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റി തീരദേശവാസികൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാമെന്ന വിദഗ്ദ്ധരുടെ നിർദ്ദേശം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

കായലിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ വ്യാപകമാകുന്ന പോളയെ മൂല്യവർധിത ഉൽപ്പന്നമാക്കി മാറ്റി തീരദേശവാസികൾക്ക് തൊഴിലവസരങ്ങൾ വർധിപ്പിക്കണമെന്ന നിർദ്ദേശം വേമ്പനാട് കായലിന്റെ കർമ്മ പരിപ്രേക്ഷ്യത്തിലെ ഘടകം III : സുസ്ഥിര വിഭവ പരിപോക്ഷണവും സമൂഹത്തിന്റെ ജീവനോപാധി മെച്ചപ്പെടുത്തലും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി വരും വർഷങ്ങളിൽ കേന്ദ്ര സഹായം ലഭിക്കുന്നതിനായി തണ്ണീർത്തട അതോറിറ്റി ശ്രമിക്കുന്നതാണ്. എന്നിരുന്നാലും തുടക്കം എന്ന നിലയിൽ ഇതിനാവശ്യമായ പിന്തുണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സ്വയം സഹായ സംഘങ്ങൾ വഴിയും തണ്ണീർത്തട അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതാണ്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ - 23

വിദേശ ടൂറിസത്തേക്കാൾ ആഭ്യന്തര ടൂറിസം വേമ്പനാട് കായൽ പ്രദേശത്തുള്ളതായും അതുകൊണ്ട് തന്നെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വർദ്ധനവ് ഉള്ളതായും സമിതി കരുതുന്നു. ആയതിനാൽ പ്ലാസ്റ്റിക് കുപ്പികളിലെ വെള്ളം, പ്ലാസ്റ്റിക്ക് പാക്കറ്റുകളിലെ ഭക്ഷണസാധനങ്ങൾ എന്നിവ കായൽ സന്ദർശനം നടത്തുന്നവർ ഉപയോഗിക്കാതിരിക്കുന്നതിനും പകരം പ്രകൃതി സൗഹൃദവസ്തുക്കൾ ഉപയോഗിക്കുന്നതിനും നിർദ്ദേശം നൽകണമെന്നും ബോട്ടുകളിൽതന്നെ കുടിവെള്ളം, ഭക്ഷണം തുടങ്ങിയവ ക്രമീകരിക്കുന്നതിനുള്ള ശക്തമായ നിർദ്ദേശം ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിനോടൊപ്പം ഉണ്ടാകണമെന്നും അത്തരത്തിൽ വളരെ

ഹൈജീനിക് ആയ ടൂറിസത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ച് വിദേശ ടൂറിസ്റ്റുകളെ വേമ്പനാട് കായൽ പ്രദേശത്തേക്ക് കൂടുതൽ ആകർഷിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/44/2019/പരി. തീയതി 02-06-2020)

2018-ലെ ലോക പരിസ്ഥിതി ദിനത്തിന്റെ മുദ്രാവാക്യമായ Beat the Plastic അന്തസത്ത ഉൾക്കൊണ്ട് ഹൗസ് ബോട്ടുകളിൽ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ വിതരണത്തിനായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പെറ്റ് ബോട്ടിലുകളുടെയും മറ്റ് ഡിസ്പോസിബിൾ സാധനങ്ങളുടേയും ഉപഭോഗം ആറുമാസത്തിനുള്ളിൽ പൂർണ്ണമായും ഉപേക്ഷിച്ച് പകരം സംവിധാനം നടപ്പാക്കണമെന്ന് ഹൗസ് ബോട്ടുകൾക്കും വിവിധ അസ്സോസിയേഷനുകൾക്കും, റിസോർട്ടുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. ഇതിനോടകം 5 സ്ഥാപനങ്ങൾ പ്ലാസ്റ്റിക് പാക്കേജ് കുടിവെള്ളം ഒഴിവാക്കി സീൽഡ് ഗ്ലാസ്സ് ബോട്ടിലുകളിലേക്ക് മാറുകയും, ഒട്ടവധി സ്ഥാപനങ്ങൾ പ്ലാസ്റ്റിക് സ്ട്രോ ഒഴിവാക്കി പേപ്പർ സ്ട്രോയിലേക്ക് മാറുകയും, ഡിസ്പോസിബിൾ പ്ലേറ്റ്/കപ്പ് തുടങ്ങിയവയുടെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

# അദ്ധ്യായം III

## സർക്കാരിൽ നിന്നും നടപടി വിവരം ലഭിക്കാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം

ജലവിഭവ വകുപ്പ്

2-ാം നമ്പർ ശിപാർശ

കായലുകളുടെയും ജലാശയങ്ങളുടെയും സംരക്ഷണാവകാശം സംബന്ധിച്ച് നിലവിൽ വ്യക്തമായ നിർദ്ദേശങ്ങളോ വ്യവസ്ഥകളോ ഇല്ല. ഇത് സംസ്ഥാനത്തെ ജലാശയങ്ങളുടെ സംരക്ഷണത്തെ വളരെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ വേമ്പനാട് കായലുൾപ്പെടെ സംസ്ഥാനത്തുള്ള എല്ലാ ജലാശയങ്ങളുടെയും സംരക്ഷണത്തിനുതകുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്തണമെന്നും അവയുടെ ഉടമസ്ഥതയും സംരക്ഷണവും ബന്ധപ്പെട്ട വകുപ്പുകളെ കൊണ്ട് നിർവ്വഹിപ്പിക്കണമെന്നും സർക്കാർ രൂപീകരിച്ചിട്ടുള്ള വെറ്റ് ലാന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ചട്ടങ്ങൾ അടിയന്തരമായി ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

3-ാം നമ്പർ ശിപാർശ

വേമ്പനാട് കായലിലേക്ക് പതിക്കുന്ന എല്ലാ നദികളുടെയും സംരക്ഷണവും അവ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മ പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം ടി സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സമീപപ്രദേശത്തെ വിവിധതരം മാലിന്യങ്ങൾ വേമ്പനാട്ട് കായലിലേക്ക് ഒഴുക്കിവിടുന്നില്ല എന്ന് കർശനമായി ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കാർഷികവികസന കർഷക്ഷേമ വകുപ്പ്

6-ാം നമ്പർ ശിപാർശ

വേമ്പനാട് കായലിനു ചുറ്റും 'എക്കോ ടോൺ' വേണമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിന്റെ തുടർ നടപടികൾ ഉണ്ടാകാതിരുന്നതുമൂലം കൃഷി ഭൂമി അന്യാധീനപ്പെട്ടുവെന്നും, ഭൂമി സർക്കാരിന്റെ അധീനതയിൽ നിലനിൽക്കേ കൃഷി

ചെയ്യാനും ആദായം എടുക്കാനുമുള്ള അവകാശം കർഷകർക്ക് കൈവരുകയും അതുവഴി കായൽ കൈയേറ്റം ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയുമെന്നതിനാൽ 'എക്കോ ടോൺ' പദ്ധതി എത്രയും വേഗം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വിനോദസഞ്ചാര വകുപ്പ്

13-ാം നമ്പർ ശിപാർശ

വിവിധകാരണങ്ങളാൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ കഴിയാതെ വന്ന പാതിരാമണലിലേയും കുമരകത്തേയും അനന്തമായ സാദ്ധ്യതകളുള്ള ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കുകയും വേമ്പനാട് കായൽ ടൂറിസം മേഖലയിൽ ഓരോ പദ്ധതിയും നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി പ്രവർത്തകരും ടൂറിസം ഓപ്പറേറ്റർമാരും തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങൾ സമവായത്തിലൂടെ പരിഹരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

14-ാം നമ്പർ ശിപാർശ

സമുദ്രനിരപ്പിൽ നിന്ന് രണ്ടര മീറ്റർ വരെ താഴ്ചയിൽ സമ്മിശ്ര കൃഷി കൊണ്ട് ലോകത്തിന്റെ തന്നെ ശ്രദ്ധ ആകർഷിച്ച സ്ഥലമാണ് കുട്ടനാട്ടിലെ 'ആർ ബ്ലോക്ക് '. എന്നാൽ ആ പ്രദേശത്തെ പേരുകേട്ട സമ്മിശ്ര കൃഷിയുടെ ഇന്നത്തെ ദുരവസ്ഥ വിവരണാതീതമാണ്. പ്രധാനമായും നെൽകൃഷിയും തെങ്ങ് കൃഷിയും നാശോന്മുഖമായിരിക്കുന്നു. ഈ അവസ്ഥയിൽ നിന്നും 'ആർ ബ്ലോക്ക്'നെ കരകയറ്റാനുള്ള സർക്കാർ നടപടികൾക്ക് തടസ്സം നിൽക്കുന്ന ബാഹ്യശക്തികളെ നിയമപരമായി നേരിടണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

15-ാം നമ്പർ ശിപാർശ

വേമ്പനാട് കായലിന്റെ സമീപ പ്രദേശങ്ങളിലെയും നദീമുഖങ്ങളിലെയും കൃഷിക്ക് കീടനാശിനി, കളനാശിനി/രാസവസ്തുക്കൾ എന്നിവയുടെ ഉപയോഗം പരമാവധി ഒഴിവാക്കി ജൈവ കൃഷി പ്രോത്സാഹിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

റവന്യൂ (എ) വകുപ്പ്

19-ാം നമ്പർ ശിപാർശ

തണ്ണീർമുക്കം ബണ്ടിനെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നതിനാൽ അതിന്റെ ഡിസൈൻ ചെന്നൈ ഐ.ഐ.റ്റി. തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ തയ്യാറാക്കണമെന്നും ബണ്ടിന്റെ ഓപ്പണിംഗും ക്ലോസിംഗും ഓട്ടോമാറ്റിക്ക് സംവിധാനത്തിലാക്കണമെന്നും അവിടത്തെ പ്രശ്നങ്ങൾ സമവായത്തിലൂടെ പരിഹരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

21-ാം നമ്പർ ശിപാർശ

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായുള്ള രോഗങ്ങൾ കായൽ തീരങ്ങളിലുള്ളവർക്കും ബാധിച്ചുവരുന്നതായും വേമ്പനാട് കായലിന്റെ തീരപ്രദേശങ്ങളിൽ മാരകരോഗങ്ങൾ വർദ്ധിച്ചു വരുന്നതായും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിദഗ്ദ്ധരടങ്ങിയ മെഡിക്കൽ സംഘത്തിന്റെ കർശന പരിശോധന ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

മത്സ്യബന്ധന തുറമുഖ, തദ്ദേശസ്വയംഭരണ, വിനോദസഞ്ചാര വകുപ്പുകൾ

23-ാം നമ്പർ ശിപാർശ

വിദേശ ടൂറിസത്തേക്കാൾ ആഭ്യന്തര ടൂറിസം വേമ്പനാട് കായൽ പ്രദേശത്തുള്ളതായും അതുകൊണ്ട് തന്നെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വർദ്ധനവ് ഉള്ളതായും സമിതി കരുതുന്നു. ആയതിനാൽ പ്ലാസ്റ്റിക് കുപ്പികളിലെ വെള്ളം, പ്ലാസ്റ്റിക്ക് പാക്കറ്റുകളിലെ ഭക്ഷണസാധനങ്ങൾ എന്നിവ കായൽ സന്ദർശനം നടത്തുന്നവർ ഉപയോഗിക്കാതിരിക്കുന്നതിനും പകരം പ്രകൃതി സൗഹൃദവസ്തുക്കൾ ഉപയോഗിക്കുന്നതിനും നിർദ്ദേശം നൽകണമെന്നും ബോട്ടുകളിൽതന്നെ കുടിവെള്ളം, ഭക്ഷണം തുടങ്ങിയവ ക്രമീകരിക്കുന്നതിനുള്ള ശക്തമായ നിർദ്ദേശം ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിനോടൊപ്പം ഉണ്ടാകണമെന്നും അത്തരത്തിൽ വളരെ ഹൈജീനിക് ആയ ടൂറിസത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ച് വിദേശ ടൂറിസ്റ്റുകളെ വേമ്പനാട് കായൽ പ്രദേശത്തേക്ക് കൂടുതൽ ആകർഷിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ജലവിഭവ (സി.എസ്.ഐ.എൻ.) വകുപ്പ്

24-ാം നമ്പർ ശിപാർശ

വേമ്പനാട് കായലിലെ ജലപാതകൾ വികസിപ്പിച്ച് ഗതാഗതത്തിനും ചരക്കുനീക്കത്തിനും വിനോദസഞ്ചാരത്തിനും ഉതകുന്ന വിധത്തിലുള്ള പദ്ധതികൾ നടപ്പാക്കുകയും അതുവഴി കായലിൽ കാലാകാലങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും മാലിന്യങ്ങളും കളകളും നീക്കം ചെയ്ത് ജലയാനങ്ങൾക്ക് സഞ്ചരിക്കാൻ ആവശ്യമായ Draft Depth ഉറപ്പ് വരുത്തണമെന്നും മാലിന്യനിക്ഷേപം തടയുവാൻ 24 മണിക്കൂറും വാച്ച് & ഗാർഡ് സംവിധാനം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

# അദ്ധ്യായം IV

## സമിതിയുടെ തുടർശിപാർശകൾ

1. വേമ്പനാട് കായൽതീരങ്ങളിലെ കൈയ്യേറ്റം തിട്ടപ്പെടുത്തുന്നതിനായി കായലോരം സർവ്വേ നടത്തുന്നതിന് സർക്കാർ തുക വകയിരുത്തി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകുന്നതിനാവശ്യമായ നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. വേമ്പനാട് കായൽക്കരയിൽ മുൻപ് ഉണ്ടായിരുന്ന കണ്ടൽക്കാടുകളുടെ വിസ്തൃതി, കണ്ടൽക്കാടുകളുടെ കാര്യത്തിലുണ്ടായ കുറവ്, വച്ചു പിടിപ്പിച്ച കണ്ടൽക്കാടുകൾ, നിലവിലുള്ള കണ്ടൽക്കാടുകൾ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ വനം-വന്യജീവി വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.

4. കായലുകളുടെയും ജലാശയങ്ങളുടെയും സംരക്ഷണാവകാശം സംബന്ധിച്ച് നിലവിൽ വ്യക്തമായ നിർദ്ദേശങ്ങളോ വ്യവസ്ഥകളോ ഇല്ല. ഇത് സംസ്ഥാനത്തെ ജലാശയങ്ങളുടെ സംരക്ഷണത്തെ വളരെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ വേമ്പനാട് കായലുൾപ്പെടെ സംസ്ഥാനത്തുള്ള എല്ലാ ജലാശയങ്ങളുടെയും സംരക്ഷണത്തിനുതകുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്തണമെന്നും അവയുടെ ഉടമസ്ഥതയും സംരക്ഷണവും ബന്ധപ്പെട്ട വകുപ്പുകളെ കൊണ്ട് നിർവ്വഹിപ്പിക്കണമെന്നും സർക്കാർ രൂപീകരിച്ചിട്ടുള്ള വെറ്റ് ലാന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ചട്ടങ്ങൾ അടിയന്തരമായി ഉണ്ടാക്കണമെന്ന ശിപാർശയിൻമേൽ ജലവിഭവ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

5. വേമ്പനാട് കായലിലേക്ക് പതിക്കുന്ന എല്ലാ നദികളുടെയും സംരക്ഷണവും അവ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മ പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം ടി സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സമീപപ്രദേശത്തെ വിവിധതരം മാലിന്യങ്ങൾ വേമ്പനാട്ട് കായലിലേക്ക് ഒഴുക്കിവിടുന്നില്ല എന്ന് കർശനമായി ഉറപ്പുവരുത്തണമെന്ന ശിപാർശയിൻമേൽ തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

6. വേമ്പനാട് കായലിനു ചുറ്റും 'എക്കോ ടോൺ' വേണമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിന്റെ തുടർ നടപടികൾ ഉണ്ടാകാതിരുന്നതുമൂലം കൃഷി ഭൂമി അന്യാധീനപ്പെട്ടുവെന്നും, ഭൂമി സർക്കാരിന്റെ അധീനതയിൽ നിലനിൽക്കേ കൃഷി ചെയ്യാനും ആദായം എടുക്കാനുമുള്ള അവകാശം കർഷകർക്ക് കൈവരുകയും അതുവഴി കായൽ കൈയേറ്റം ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയുമെന്നതിനാൽ 'എക്കോ ടോൺ' പദ്ധതി എത്രയും വേഗം നടപ്പിലാക്കണമെന്ന ശിപാർശയിൻമേൽ കാർഷികവികസന കർഷകക്ഷേമ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

7. വിവിധകാരണങ്ങളാൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ കഴിയാതെ വന്ന പാതിരാമണലിലേയും കുമരകത്തേയും അനന്തമായ സാദ്ധ്യതകളുള്ള ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കുകയും വേമ്പനാട് കായൽ ടൂറിസം മേഖലയിൽ ഓരോ പദ്ധതിയും നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി പ്രവർത്തകരും ടൂറിസം ഓപ്പറേറ്റർമാരും തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങൾ സമവായത്തിലൂടെ പരിഹരിക്കണമെന്ന ശിപാർശ സംബന്ധിച്ച് വിനോദസഞ്ചാര വകുപ്പ് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

8. സമുദ്രനിരപ്പിൽ നിന്ന് രണ്ടര മീറ്റർ വരെ താഴ്ചയിൽ സമ്മിശ്ര കൃഷി കൊണ്ട് ലോകത്തിന്റെ തന്നെ ശ്രദ്ധ ആകർഷിച്ച സ്ഥലമാണ് കുട്ടനാട്ടിലെ 'ആർ ബ്ലോക്ക് '. എന്നാൽ ആ പ്രദേശത്തെ പേരുകേട്ട സമ്മിശ്ര കൃഷിയുടെ ഇന്നത്തെ ദുരവസ്ഥ വിവരണാതീതമാണ്. പ്രധാനമായും നെൽകൃഷിയും തെങ്ങ് കൃഷിയും നാശോന്മുഖമായിരിക്കുന്നു. ഈ അവസ്ഥയിൽ നിന്നും 'ആർ ബ്ലോക്ക്'നെ കരകയറ്റാനുള്ള സർക്കാർ നടപടികൾക്ക് തടസ്സം നിൽക്കുന്ന ബാഹ്യശക്തികളെ നിയമപരമായി നേരിടണമെന്ന ശിപാർശയിൻമേൽ കാർഷികവികസന കർഷകക്ഷേമ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

9. വേമ്പനാട് കായലിന്റെ സമീപ പ്രദേശങ്ങളിലെയും നദീമുഖങ്ങളിലെയും കൃഷിക്ക് കീടനാശിനി, കളനാശിനി/രാസവസ്തുക്കൾ എന്നിവയുടെ ഉപയോഗം പരമാവധി ഒഴിവാക്കി ജൈവ കൃഷി പ്രോത്സാഹിപ്പിക്കണമെന്ന ശിപാർശയിൻമേൽ കാർഷികവികസന കർഷകക്ഷേമ വകുപ്പ് എത്രയും വേഗം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

10. തണ്ണീർമുക്കം ബണ്ടിനെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നതിനാൽ അതിന്റെ ഡിസൈൻ ചെന്നൈ ഐ.ഐ.റ്റി. തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ തയ്യാറാക്കണമെന്നും ബണ്ടിന്റെ ഓപ്പണിംഗും ക്ലോസിംഗും ഓട്ടോമാറ്റിക്ക് സംവിധാനത്തിലാക്കണമെന്നും അവിടത്തെ പ്രശ്നങ്ങൾ സമവായത്തിലൂടെ പരിഹരിക്കണമെന്ന ശിപാർശയിൻമേൽ റവന്യൂ (എ) വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

11. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായുള്ള രോഗങ്ങൾ കായൽ തീരങ്ങളിലുള്ളവർക്കും ബാധിച്ചുവരുന്നതായും വേമ്പനാട് കായലിന്റെ തീരപ്രദേശങ്ങളിൽ മാരകരോഗങ്ങൾ വർദ്ധിച്ച വരുന്നതായും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിദഗ്ദ്ധരടങ്ങിയ മെഡിക്കൽ സംഘത്തിന്റെ കർശന പരിശോധന ഉണ്ടാകണമെന്ന ശിപാർശയിൻമേൽ തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

12. വിദേശ ടൂറിസത്തേക്കാൾ ആഭ്യന്തര ടൂറിസം വേമ്പനാട് കായൽ പ്രദേശത്തുള്ളതായും അതുകൊണ്ട് തന്നെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വർദ്ധനവ് ഉള്ളതായും സമിതി കരുതുന്നു. ആയതിനാൽ പ്ലാസ്റ്റിക് കുപ്പികളിലെ വെള്ളം, പ്ലാസ്റ്റിക്ക് പാക്കറ്റുകളിലെ ഭക്ഷണസാധനങ്ങൾ എന്നിവ കായൽ സന്ദർശനം നടത്തുന്നവർ ഉപയോഗിക്കാതിരിക്കുന്നതിനും പകരം പ്രകൃതി സൗഹൃദവസ്തുക്കൾ ഉപയോഗിക്കുന്നതിനും നിർദ്ദേശം നൽകണമെന്നും ബോട്ടുകളിൽതന്നെ കുടിവെള്ളം, ഭക്ഷണം തുടങ്ങിയവ ക്രമീകരിക്കുന്നതിനുള്ള ശക്തമായ നിർദ്ദേശം ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതിനോടൊപ്പം ഉണ്ടാകണമെന്നും അത്തരത്തിൽ വളരെ ഹൈജീനിക് ആയ ടൂറിസത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ച് വിദേശ ടൂറിസ്റ്റുകളെ വേമ്പനാട് കായൽ പ്രദേശത്തേക്ക് കൂടുതൽ ആകർഷിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന ശിപാർശയിൻമേൽ മത്സ്യബന്ധന തുറമുഖ, തദ്ദേശസ്വയംഭരണ, വിനോദസഞ്ചാര വകുപ്പുകൾ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

13. വേമ്പനാട് കായലിലെ ജലപാതകൾ വികസിപ്പിച്ച് ഗതാഗതത്തിനും ചരക്കുനീക്കത്തിനും വിനോദസഞ്ചാരത്തിനും ഉതകുന്ന വിധത്തിലുള്ള പദ്ധതികൾ നടപ്പാക്കുകയും അതുവഴി കായലിൽ കാലാകാലങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും മാലിന്യങ്ങളും കളകളും നീക്കം ചെയ്ത് ജലയാനങ്ങൾക്ക് സഞ്ചരിക്കാൻ ആവശ്യമായ

Draft Depth ഉറപ്പ് വരുത്തണമെന്നും മാലിന്യനിക്ഷേപം തടയുവാൻ 24 മണിക്കൂറും വാച്ച് & ഗാർഡ് സംവിധാനം ഉറപ്പുവരുത്തണമെന്ന ശിപാർശ സംബന്ധിച്ച് ജലവിഭവ (സി.എസ്.ഐ.എൻ.) വകുപ്പ് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

തിരുവനന്തപുരം,
2021 ജനുവരി 20.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*